**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1950**
**07.12.2015 ലെ മറുപടിയ്ക്ക്**

**<u>കോ-ഇൻഷ്വറൻസ് സംവിധാനം.</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബെന്നി ബെഹനാൻ**<br>**,, പി.എ.മാധവൻ**<br>**,, കെ.മുരളീധരൻ**<br>**,, സണ്ണി ജോസഫ്** | **ശ്രീ. ഉമ്മൻചാണ്ടി**<br>ബഹു: മുഖ്യമന്ത്രി |
| (എ) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് കോ ഇൻഷ്വറൻസ് സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ; | കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ ഏർപ്പെടുന്നതുകൊണ്ട് സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേയ്ക്ക് വലിയൊരു തുക സമാഹരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ, സഹകരണ സ്ഥാപനങ്ങൾക്ക് സംതൃപ്തമായ ഇൻഷ്വറൻസ് ഇടപാട് വകുപ്പ് മുഖേന നടത്തുന്നതിനും ഈ സംവിധാനം ഉപകരിക്കുന്നതാണ്. |
| (സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | കോ-ഇൻഷ്വറൻസ് സംവിധാനം നടപ്പാക്കുന്നതിലേക്കായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റൈഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി, ഓറിയന്റൽ ഇൻഷ്വൻസ് കമ്പനി എന്നിവയുമായി സഹകരിച്ച് സർക്കാർ കോ-ഇൻഷ്വറൻസ് ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി സർക്കാർ തലത്തിൽ അവലോകനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ